# പള്ളിയിൽനിന്ന് പുറപ്പെടുമ്പോൾ

**അബ്ദുൽ ജബ്ബാർ അബ്ദുല്ല**

പള്ളിയിൽനിന്ന് പുറപ്പെടുമ്പോൾ ഇപ്രകാരം ചൊല്ലുവാൻ നബിﷺ കൽപ്പിച്ചതായി ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്:

**اللهم إني أسألك من فَضلك**

"അല്ലാഹുവേ, നിന്റെ ഔദാര്യത്തിൽനിന്നും ഞാൻ നിന്നോട് തേടുന്നു."

പള്ളിയിൽനിന്ന് പുറപ്പെടുമ്പോൾ നബിﷺ, ഇപ്രകാരം ചൊല്ലിയതായി ഇമാം അബൂദാവൂദ്, ഇബ്നുമാജഃ, ഇബ്നുസ്സുന്നി എന്നിവർ റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്:

**بِسم اللهِ والصلاةُ والسلام على رسول الله، اللهم اغْفر لي ذُنوبِي**

"അല്ലാഹുവിന്റെ നാമത്തിൽ (ഞാൻ പള്ളിയിൽനിന്ന് പുറത്തി റങ്ങുന്നു) സ്വലാത്തും സലാമും അല്ലാഹുവിന്റെ തിരുദൂതരിൽ ഉണ്ടാവട്ടേ. അല്ലാഹുവേ, എന്റെ പാപങ്ങൾ എനിക്ക് നീ പൊറുക്കേണമേ."[1]

പള്ളിയിൽനിന്ന് പുറപ്പെടുമ്പോൾ ഇപ്രകാരം ചൊല്ലുവാൻ നബിﷺ കൽപ്പിച്ചതായി ഇമാം ഇബ്നുമാജഃ റിപ്പോർട്ട് ചെയ്ത ഹദീഥിലുണ്ട്.

**اللهم اعصمنِى من الشيطان الرجِيم**

"അല്ലാഹുവേ, അകറ്റപ്പെട്ട പിശാചിൽനിന്നും നീ എന്നെ രക്ഷപ്പെടുത്തേണമേ."[2]

[1] *അടിവരയിട്ട ഭാഗം ഇബ്നുസ്സുന്നിയുടെ റിപ്പോർട്ടിൽ മാത്രമുള്ളതാണ്. അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.*

[2] *അൽബാനി ഹദീഥിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു.*